**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **08-08-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ <u>അനുബന്ധം I</u> ആയി ചേർക്കുന്നു.<br><br>ആർദ്രം പദ്ധതിയുടെ 2-ാം ഘട്ടത്തിൽ 2018-19 കാലയളവിൽ തേഞ്ഞിപ്പാലം ആരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിക്കായി 14 ലക്ഷം രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പി.എച്ച്.സി., പള്ളിക്കൽ, പി.എച്ച്.സി. പെരുവള്ളൂർ എന്നീ സ്ഥാപനങ്ങളെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിക്കായി യഥാക്രമം 36 ലക്ഷം രൂപ, 35 ലക്ഷം രൂപ വീതം അനുവദിച്ചു. |
| (ബി) | മേൽ സൂചിപ്പിച്ച കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി ലഭിച്ച ആരോഗ്യ സ്ഥാപനങ്ങളിൽ സ്വീകരിച്ചു വരുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ; | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ <u>അനുബന്ധം II</u> ആയി ചേർക്കുന്നു. ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുന്ന നവീകരണ പ്രവൃത്തികൾക്ക് ഓരോ ഉപകേന്ദ്രത്തിനും 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം <u>അനുബന്ധം III</u> -ൽ കാണിച്ചിട്ടുള്ള സബ് സെന്ററുകളിലെ പ്രവർത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ തേഞ്ഞിപ്പാലം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടനിർമ്മാണത്തിന് 2019-20 സാമ്പത്തികവർഷത്തിൽ 62 ലക്ഷം രൂപയും 2021-22 സാമ്പത്തികവർഷത്തിൽ 99 ലക്ഷം രൂപയും എം.എൽ.എ. ഫണ്ടായി അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തികരിക്കാനുണ്ട് |

| | | | |
|---|---|---|---|
| (സി) | പ്ലാൻ/ നോൺ-പ്ലാൻ ഫണ്ട് ഇനത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ മേൽ സൂചിപ്പിച്ച കാലയളവിൽ നടന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മറുപടി ബി പിരിവിൽ ചേർത്തിരിക്കുന്നു. |
| (ഡി) | മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് കീഴിൽ പുതുതായി സബ്സെന്റർ ആരംഭിക്കുന്നതിന് വേണ്ടി സ്ഥാപന മേധാവികൾ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | മലപ്പുറം ജില്ലയിൽ പുതുതായി 44 സബ് സെന്ററുകൾ ആരംഭിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരം ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിക്കുകയും കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രൊപ്പോസലുകൾ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് തുടർനിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ലഭ്യമാക്കിയ പ്രൊപ്പോസലുകളിലും അപാകതകൾ കണ്ടതിനെ തുടർന്ന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയും നിശ്ചിത പ്രൊഫോർമയിൽ പുതുക്കിയ പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറോട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | വള്ളിക്കുന്ന് മണ്ഡലത്തിൽ നിന്നും ശിപാർശ ചെയ്യപ്പെട്ട ഏക സബ്സെന്റർ എന്ന നിലയിൽ പുളിയം പറമ്പ് സബ്സെന്റർ പദ്ധതിക്ക് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന ലഭ്യമാക്കിയ പ്രൊപ്പോസലിൽ പുളിയംപറമ്പ് സബ് സെന്റർ ഉൾപ്പെട്ടിട്ടുണ്ട്. പുതുതായി നിർദ്ദേശിക്കപ്പെട്ട പ്രൊഫോർമ സഹിതം പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുന:സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**1. പി.എച്ച്.സി.പെരുവള്ളൂർ**

| വർഷം | ഇനം | തുക |
|---|---|---|
| 2019-20 | മെയിന്റനൻസ് ഫണ്ട് | 6 ലക്ഷം രൂപ |
| 2021-22 | ബിൽഡിംഗ് നിർമ്മാണം | 2 കോടി രൂപ |
| | ഐസൊലേഷൻ വാർഡ് (KIIFB - MLA ഫണ്ട് ) | 1.75 കോടി രൂപ |
| | മെയിന്റനൻസ് ഫണ്ട് (LSGD Fund) | 11,87,064/- രൂപ |

**2. പി.എച്ച്.സി കടലുണ്ടിനഗരം**

| വർഷം | ഇനം | തുക |
|---|---|---|
| 2023-24 | ഫാർമസി സ്റ്റോർ നിർമ്മാണം (LSGD Fund) | 3 ലക്ഷം രൂപ |

**3. പി.എച്ച്.സി തേഞ്ഞിപ്പാലം**

| വർഷം | ഇനം | തുക |
|---|---|---|
| 2019-20 | പുതിയ ബിൽഡിംഗ് നിർമ്മാണം (MLA FUND) | 62 ലക്ഷം രൂപ |
| 2021-22 | പുതിയ ബിൽഡിംഗ് നിർമ്മാണം (MLA FUND) | 99 ലക്ഷം രൂപ |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| സ്ഥാപനം | അനുവദിച്ച തുക | പ്രവൃത്തി | പുരോഗതി |
|---|---|---|---|
| പി .എച്ച്.സി. ,ചേലേമ്പ്ര | 15.50 ലക്ഷം രൂപ | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന നവീകരണ പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു |
| പി.എച്ച്.സി., മൂന്നിയൂർ | 15.50 ലക്ഷം രൂപ | | പ്രവൃത്തി പൂർത്തീകരിച്ചു |
| പി.എച്ച്.സി., കടലുണ്ടി നഗരം | 15.50 ലക്ഷം രൂപ | | DPR തയ്യാറാക്കി വരുന്നു. പ്രവൃത്തി ഉടൻ ആരംഭിക്കും |
| സി.എച്ച്.സി., പള്ളിക്കൽ | 36 ലക്ഷം രൂപ | സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിലവിലെ കെട്ടിട സൗകര്യം സ്ഥാപനത്തിലെ പ്രവൃത്തികൾക്ക് അപര്യപ്തമായതിനാൽ നവീകരണ പ്രവൃത്തി ചെയ്യാൻ സാധ്യമല്ല. |
| സി.എച്ച്.സി., പെരുവള്ളൂർ | 35 ലക്ഷം രൂപ | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം III

### ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

1. ആല്ലുങ്ങൽ
2. ചിനക്കലങ്ങാടി
3. ദേവതിയാൽ
4. കടക്കാട്ടുപാറ
5. കരുമരക്കാട്
6. കൊടക്കാട്
7. കോട്ട മെയിൻ സെന്റർ
8. പരുത്തിക്കാട്
9. വള്ളിക്കുന്ന്
10. കടലുണ്ടി നഗരം/ആനങ്ങാടി
11. മെയിൻ സെന്റർ കടലുണ്ടി നഗരം
12. പോത്തുംകുഴിക്കാട്
13. ചേറ്രൂർ
14. ക്ലപ്പ
15. കുത്തുപറമ്പ്
16. മെയിൻ സെന്റർ മുന്നിയൂർ
17. പടിക്കൽ
18. പാറക്കടവ്
19. വൈക്കത്തുപാടം
20. കാക്കഞ്ചേരി
21. കൊളക്കാട്ടുചാലി
22. പുള്ളിപറമ്പ്
23. കുറ്റിപറമ്പ്
24. പൈങ്ങോട്ടൂർ
25. ചാത്രത്തൊടി
26. കൊല്ലംചിന
27. ക്ലമണ്ണ
28. മെയിൻ സെന്റർ പൊരുവള്ളൂർ

29. ഒളകര

30. കരിപ്പൂർ

31. കമ്മിണിപറമ്പ്

32. അഴിഞ്ഞിലശ്ശേരി

33. പാലപ്പെട്ടി

34. പുത്തൂർ പള്ളിക്കൽ

35. മെയിൻ സെന്റർ പള്ളിക്കൽ

സെക്ഷൻ ഓഫീസർ